ഉത്തരം

(എ&ബി) ടാംവേയുടെ അവശിഷ്ടങ്ങൾ നിലവിലുള്ളത് റിസർവ് വന മേഖലയിലാണ്. ചാലക്കുടി ആസ്ഥാനമാക്കി "ടാംവെ റെയിൽ പൈതൃക മ്യൂസിയം" സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്ഥലം ലഭ്യമായാൽ മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതി

67 (1538) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആറനാട് നന്ദികേശ ശിൽപ പൈതൃക ഗ്രാമ പദ്ധതിക്ക് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിന്മേൽ ആർക്കിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപനം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറനാട് പടനിലം നന്ദികേശ ശിൽപ പൈതൃക കേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടുകൂടി അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിന്മേൽ ആർക്കിയോളജി വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) കേരള ലളിതകലാ അക്കാദമിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതിയുടെ പ്രഖ്യാപനം നടത്താൻ സാധിക്കുകയുള്ളൂ.

ലക്കിടി കുഞ്ചൻ സ്മാരകം

68 (1539) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ "ലക്കിടി കുഞ്ചൻ സ്മാരക"ത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിനായി എത്ര രൂപ അനുവദിച്ചുവെന്നുള്ള വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 1-7-2006 മുതൽ 31-3-2011 വരെ പ്രസ്തുത സ്മാരകത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ഡി) 1-7-2006 മുതൽ 31-3-2011 വരെ എത്ര രൂപ ഇതിനായി അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60,99,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളം, ഉള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും ഈ തുക വിനിയോഗിച്ചിട്ടുണ്ട്.

(ബി)

2011-12	21,24,000
2012-13	16,75,000
2013-14	7,00,000
2014-15	7,00,000
2015-16 (30.11.2015 വരെ)	9,00,000
ആകെ	60,99,000

(അറുപത്തൊരുലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ)

(സി) കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണവും, വികസനവും കണക്കിലെടുത്ത് ഉള്ളൽ കലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് 2008-ൽ കലാപീഠം പ്രവർത്തനം തുടങ്ങി. ഉള്ളലിന്റെ അനുബന്ധ വിഷയങ്ങളായ മൃദംഗം, കർണ്ണാടക സംഗീതം, മോഹിനിയാട്ടം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകിവരുന്നു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും ഉള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന 'ത്രിദളം' ഡി.വി.ഡി. തയ്യാറാക്കി. നാട്യശാല നിർമ്മിക്കുകയും സ്മാരകത്തിന്റെ വെബ്സൈറ്റ് തയ്യാറാക്കുകയും ചെയ്തു. കുഞ്ചൻ അവാർഡ് ജേതാക്കളുടെ ജീവചരിത്രം അടങ്ങിയ നടനകൈരളി പുസ്തകം പ്രസിദ്ധീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	2006-07	1,65,000
	2007-08	1,35,000
	2008-09	21,25,000
	2009-10	1,75,000
	2010-11	13,25,000
	ആകെ	39,25,000

(മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ)

സർക്കാർ അംഗീകൃത സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും

69 (1540) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ഥാപിതമായ സർക്കാർ അംഗീകൃത സാംസ്കാരിക സ്ഥാപനങ്ങളുടെയും അക്കാദമികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഇവയുടെ മോണിറ്ററിംഗ് സംവിധാനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിന്റെ മാനദണ്ഡം വിശദമാക്കുമോ;

(സി) ഗ്രാന്റ് തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കായി 2011 ഏപ്രിൽ 1 മുതൽ 2015 നവംബർ 30 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്ര; അനുവദിച്ച തുക എത്ര; സ്ഥാപനങ്ങളുടെ ലിസ്റ്റ് സഹിതം വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥാപനത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് നടത്തുന്നു. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ലഭ്യമാക്കാറുണ്ട്.

(ബി) അതാത് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് പ്രത്യേക ധനസഹായവും അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly